# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി 11 | 2017 |
| --- | --- |



## ശബരിമല പത്രക്കുറിപ്പ് 1

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam2017@gmail.com
Facebook Page: Sabarimalamediacentreiprdgok

### ശബരി ആശ്രമ സമർപ്പണം ഇന്ന് മൂന്ന് മണിക്ക്

ശബരിമലയില് ദർശനത്തിനായി മലകയറി എത്തുന്ന അയ്യപ്പന്മാർക്ക് വിശ്രമത്തിനായി തിരുവിതാംകൂർ ദേവസ്വം ബോർഡ് ശബരീപീംത്തില് ശബരി ആശ്രമം എന്ന പേരില് വിശ്രമ സങ്കേതം ആരംഭിക്കുന്നു. മരക്കൂട്ടത്തിനടുത്ത് ശബരി പീഠത്തില് നിർമ്മിച്ച ശബരി ആശ്രമത്തിന്റെ സമർപ്പണം ഇന്ന് (ജനു. 11) ഉച്ചതിരിഞ്ഞ് മൂന്ന് മണിക്ക് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് പ്രയാർ ഗോപാലകൃഷ്ണൻ ബോർഡ് മെമ്പർമാരായ അജയ് തറയിൽ, കെ.രാഘവൻ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ഭദ്രദീപം കൊളുത്തി നിർവഹിക്കും. ആശ്രമ സമർപ്പണത്തിനായി ദേവസ്വം ബോര്ഡ് നേരിട്ട് ക്ഷണിച്ച ശൃംഗേരി ശങ്കരാചാര്യ പീഠ മഠാധിപതി ഭാരതി തീർത്ഥ സ്വാമികള്, മാതാ അമൃതാനന്ദമയി എന്നിവർ ആരോഗ്യപ്രശ്നങ്ങളാൽ വരാന് ബുദ്ധിമുട്ട് അറിയിച്ചതിനെ തുടർന്നാണ് ദേവസ്വം ബോര്ഡ് പ്രസിഡന്റ് നേരിട്ട് ആശ്രമ സമർപ്പണം നടത്തുന്നത്. ശബരിമലയുടെ ചരിത്രത്തില് ആദ്യമായി 41 ആദിവാസി യുവാക്കൾ മണ്ഡല-മകരവിളക്ക് കാലയളവില് സന്നിധാനത്ത് വിവിധ വിഭാഗങ്ങളിൽ താത്കാലിക നിയമനം നല്കിയിരുന്നു. അവരും ആശ്രമ സമര്പ്പണവേളയില് സന്നിഹിതരായിരിക്കുമെന്നും ദേവസ്വം ബോര്ഡ് പ്രസിഡന്റ് അറിയിച്ചു.ദ്വാപരയുഗത്തിൽ ശ്രീരാമ,ലക്ഷമണ വനവാസക്കാലത്ത് ശ്രീരാമചന്ദ്രനെ കണ്ട് പ്രാർത്ഥിച്ച് ഫലമൂലങ്ങള് നല്കി സായൂജ്യം പൂണ്ട ശബരി എന്ന സന്യാസിനിയുടെ നാമത്തിൽ കീര്ത്തികേട്ട സ്ഥമലാണ് ശബരി.

### മകരവിളക്കിന് അടിയന്തിരഘട്ടങ്ങൾ നേരിടാൻ പ്രത്യേക സൗകര്യങ്ങളൊരുക്കി ബിഎസ് എൻ എൽ

ശബരിമല മകരവിളക്ക് ഉത്സവം പ്രമാണിച്ച് ഒരുക്കേണ്ട എല്ലാവിധ സജ്ജീകരണങ്ങളും പൂർത്തീകരിച്ച തായി ബി എസ് എൻ എൽ സബ്ഡിവിഷണൽ എഞ്ചിനീയർ കൃഷ്ണകുമാർ അറിയിച്ചു. വിവിധ ഗവ. വകുപ്പുകൾ പോലീസ്, ദേവസ്വംബോർഡ്, മാധ്യമങ്ങൾ എന്നിവയ്ക്കാവശ്യമായ കണക്ഷനുകൾ സജ്ജീകരിച്ചിട്ടുണ്ട്. ആവശ്യപ്പെട്ടവർക്കെല്ലാം ഇന്റർനെറ്റ് കണക്ഷനും ലഭ്യമാക്കി. ദൃശ്യമാധ്യമങ്ങൾക്ക് തത്സമയസംപ്രേക്ഷണത്തിനുള്ള പ്രത്യേക സംവിധാനവും രൂപീകരിച്ചു. അത്യാവശ്യ സന്ദർഭങ്ങളിൽ

പമ്പ ഗവ. ആശുപത്രിയുമായി 203232 എന്ന നമ്പർ ഡയൽ ചെയ്ത് ബന്ധപ്പെടാം. 24 ഇ എം സികളിൽ നിന്നും പമ്പ ആശുപത്രിയിലേക്ക് ഉടൻ ബന്ധപ്പെടുന്നതിന് ഹോട്ട്ലൈൻ സംവിധാനവും ക്രമീകരിച്ചു. ശബരിമല ഗവ ആശുപത്രി, ചരൽമേട് ആശുപത്രി, അപ്പാച്ചിമേട് കാർഡിയോളജി സെന്റർ, നീലിമല കാർഡിയോളജിസെന്റർ അയ്യപ്പസേവാസംഘം തുടങ്ങിയ ഇടങ്ങളിൽ നിന്നെല്ലാം പമ്പ ആശുപത്രിയിലേക്ക് ഹോട്ട്ലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.പോലീസ് ഹെൽപ്പ് ലൈൻ നമ്പറായി 100(നാല് ലൈൻ) ഫയർഫോഴ്സ് ഹെൽപ്പ് ലൈൻ 101 എന്നിവ പമ്പയിലും സന്നിധാനത്തും ക്രമീകരിച്ചിട്ടുണ്ട്. ശബരിമല പോലീസ്ഹെൽപ്പ് ലൈൻ 12890 എവിടെനിന്നും ഏത് സേവനദാതാവിൽ നിന്നായാലും വിളിച്ചാൽ 10 ലൈനുകൾ ഒരേ സമയം ലഭ്യമാക്കത്തക്കവിധത്തിൽ പമ്പയിൽ പോലീസ് കൺട്രോൾറൂമിൽ പ്രവർത്തിക്കുന്നുണ്ട്.

മകരവിളക്ക് പ്രമാണിച്ച് ഭക്തജനത്തിരക്ക് പരിഗണിച്ച് കൂടുതൽമൊബൈൽ ടവറുകൾ സ്ഥാപിച്ചും 2ജി 3ജി മൊബൈൽ സംവിധാനങ്ങൾ ശക്തിവർധിപ്പിച്ചും കൂടുതൽ കാര്യക്ഷമമാക്കി. കാനനപാതയിൽ കൂടുതൽകവറേജ് നൽകുന്നതിനായി പ്ലാപള്ളിയിൽ ഒരു താത്കാലിക ടവറും ചാലക്കയത്തിനടുത്തായി ഒരു മൊബൈൽ ടവറും ക്രമീകരിച്ചിട്ടുണ്ട്. പമ്പയിൽ ടവർ ശേഷി കൂട്ടിയിട്ടുണ്ട്. കെ എസ് ആർ ടി സി ബസ് സ്റ്റാന്റിൽ ഒരോ ടുജി, ത്രിജി, ബിടിഎസ് സ്ഥാപിച്ച് നല്ലരീതിയിൽ സിഗ്നൽ കിട്ടുന്നതിന ്ക്രമീകരണം ഏർപ്പെടുത്തി. മകരവിളക്ക് ദിവസം പുൽമേട് ഭാഗത്ത് കൂടുതൽ കവറേജ് നൽകുന്നതിനായി പുൽമേട്ടിൽ താത്കാലിക ബി ടി എസ് സ്ഥാപിക്കുന്നതിനുള്ള ജോലി അന്തിമഘട്ടത്തിലാണ്. പമ്പയിലും സന്നിധാനത്തും കസ്റ്റമർകെയർസെന്റർ പ്രവർത്തിക്കുന്നു. സിം, റീചാർജ്, എസ് റ്റി ഡി ബൂത്ത്, ഫാക്സ്, ഇന്റർനെറ്റ് സംവിധാനങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. ശബരിമല, പമ്പ, നിലക്കൽ എന്നിവിടങ്ങളിലെ എമർജൻസി ഓപറേറ്റിങ് സെന്റർ കേന്ദ്രീകരിച്ച് പത്തനംതിട്ട ജില്ലാ ആസ്ഥാനത്തേക്ക് ഹോട്ട്ലൈൻ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

## ശബരിമലയിൽ ദേവസ്വം ബോർഡ് ഇതുവരെ 12.7 ലക്ഷം ഭക്തർക്ക് അന്നദാനം നടത്തി

അന്നദാനപ്രഭുവും ആശ്രിതവൽസലനുമായ ശബരീശന്റെ സന്നിധിയിൽ ദർശനത്തിനെത്തുന്ന ഭക്തർക്ക് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ആഭിമുഖ്യത്തിൽ നടത്തുന്നഅന്നദാനത്തിൽ മണ്ഡല-മകരവിളക്ക് ഉത്സവത്തിൽ ചൊവ്വാഴ്ചവരെ(ജനുവരി 10) 12,68,453 അയ്യപ്പഭക്തർ സംബന്ധിച്ചു. മകരവിളക്ക് വരെ വൈകീട്ട് പുലാവ് നൽകും. പ്രതിദിനം 10000 ഭക്തർക്ക് നൽകാനാണ് തയ്യാറാക്കുന്നത്. മകരവിളക്ക് ദിവസങ്ങളിൽ കൂടുതൽ ഭക്തർക്ക് അന്നദാനം നടത്താൻ സംവിധാനമുണ്ടാക്കുമെന്ന് സ്പെഷ്യൽ ഓഫീസറായ പുനലൂർ ദേവസ്വം അസിസ്റ്റന്റ് കമ്മീഷണർ ഡി സുധീഷ്കുമാർ പറഞ്ഞു.

2016 നവംബർ16 നാണ് ദേവസ്വംബോർഡ് 24 മണിക്കൂർ അന്നദാനം ആരംഭിച്ചത്. മാളികപ്പുറത്തിന് സമീപം പ്രത്യേക അന്നദാന മണ്ഡപത്തിലാണ് വിശാലമായ സൗകര്യങ്ങളോടെ ഭക്തർക്ക് അന്നദാനം നടത്തുന്നത്. രാവിലെ ആറുമുതൽ 10വരെ ഉപ്പ്മാവ്, കടല,ചുക്ക്കാപ്പി രാവിലെ 11മുതൽ ഉച്ചയ്ക്കുശേഷം മൂന്നുവരെ ചോറ്, അവിയൽ, തോരൻ, രസം, അച്ചാർ, സാമ്പാർ, രസം,എന്നിവ ഉൾപ്പെട്ട ഊണ്, വൈകുന്നേരം കഞ്ഞി, പയർ അച്ചാർ രാത്രി 12 മുതൽ കാലത്ത് അഞ്ചുവരെ ഉപ്പുമാവ്, ഉള്ളിക്കറി, ചുക്ക്കാപ്പി എന്നിവയാണ് നൽകിവരുന്നത്. ഇടവേളകളിൽ ശുചീകരണം നടത്തും.

ആന്ധ്ര, കർണ്ണാടക,തമിഴ്നാട് തുടങ്ങിയ ഇതര സംസ്ഥാനങ്ങളിലെ ഭക്തർക്കും ഇഷ്ടമാകുന്ന വിഭവങ്ങളാണ് വിളമ്പുന്നത്.പാചകത്തിന് 40 പേർ പ്രവർത്തിക്കുന്നു. ദിനവേതനത്തിൽ 200 തൊഴിലാളികളുണ്ട്, ദേവസ്വംബോർഡിലെ 10 ഉദ്യോഗസ്ഥരും 65 ജീവനക്കാരും അന്നദാനത്തിനായി പൂർണസമയം പ്രവർത്തിക്കുന്നു. അന്നദാനം സ്പെഷ്യൽ ഓഫീസറായ പുനലൂർ ദേവസ്വം അസിസ്റ്റന്റ് കമ്മീഷണർ ഡി സുധീഷ്കുമാറിന്റെ നേതൃത്വത്തിലാണ് പ്രവർത്തനം. അയ്യപ്പസ്വാമിയുടെ അനുഗ്രഹവും എല്ലാവരുടേയും ഒരേ മനസ്സോടെയുള്ള ഒറ്റക്കെട്ടായ പ്രവർത്തനത്തിലുമാണ് അന്നദാനം മികച്ച രീതിയിൽ സംഘടിപ്പിക്കാൻ സാധിക്കുന്നതെന്ന് സ്പെഷ്യൽ ഓഫീസർ പറഞ്ഞു.

## അയ്യനെ തൊഴാൻ ചുരമിറങ്ങി മലകയറി ആദിവാസി മുത്തശ്ശി

കാനനവാസൻ അയ്യപ്പന്റെ സന്നിധിയിൽ ദർശനം തേടി വയനാട്ടിലെ കണയിമ്പാറ്റയിൽ നിന്നുമുള്ള ആദിവാസി മുത്തശ്ശിയും എത്തി. ദീർഘകാലമായുള്ള ആഗ്രഹത്തിന്റെ ഒരു സാഫല്യം കൂടിയാണ് ക

ണിയാമ്പറ്റ മണ്ടകമൂല കോളനിയിലെ ബോളന്റെ ഭാര്യ കുങ്കിക്ക് ശബരിമലയിലേക്കുള്ള യാത്ര.

കഴിഞ്ഞ തവണ ഈ ആഗ്രഹത്തിന് പൂർത്തീകരണമുണ്ടായി. എന്നാൽ ഇനിയും മകരവിളക്കിനോടനുബന്ധിച്ച് മലയിൽ പോകണമെന്നായിരുന്നു കുങ്കിയുടെ അഭിലാഷം. ഇത്തവണ കണിയാമ്പറ്റ അയ്യപ്പ ക്ഷേത്രത്തിൽ നിന്നുമുള്ള 55 അംഗ സ്വാമിമാർക്കൊപ്പമാണ് കുങ്കി ശബരിമലയിലേക്ക് യാത്ര തിരിച്ചത്. ഒപ്പം പേരക്കുട്ടികളുമുണ്ട്. നാൽപ്പത്തൊമ്പത് വർഷമായി മുടങ്ങാതെ ശബരീശ സന്നിധിയിലെത്തുന്ന മണികണ്ഠഭവനിലെ ബാലുസ്വാമിയാണ് ഇവരുടെ ഗുരുസ്വാമി.

വയനാട്ടിലെ പണിയ വിഭാഗം ആദിവാസികൾക്കിടയിൽ നിന്നും വളരെ വിരളമായി മാത്രമാണ് മാളികപ്പുറങ്ങൾ ശബരിമലയിലെത്തുന്നത്. ശബരിമല തീർത്ഥാടനത്തിനുള്ള തുക കണ്ടെത്താൻ ഒരുകാലത്ത് ഇവർക്ക് കഴിഞ്ഞിരുന്നില്ല. മറ്റുള്ളവരെല്ലാം വ്രതമെടുത്ത് മലചവിട്ടി അയ്യപ്പന്റെ അനുഗ്രഹം വാങ്ങി തിരിച്ചെത്തുമ്പോൾ ഇവരുടെ അയ്യപ്പ സന്നിധിയിൽ എത്താനുള്ള മോഹങ്ങളെല്ലാം കോളനിയിൽ മാത്രം ഒതുങ്ങി. കാലാം മാറിയപ്പോൾ ഇതിനൊരു തിരുത്തായി കുങ്കി ശബരിമലയിലേക്ക് പോകാനുള്ള വ്രതമെടുത്ത് തുടങ്ങി. പ്രായമായ ഭർത്താവും പെൺമക്കളും ഭാര്യയുടെ ഈ ആഗ്രഹത്തിന് സമ്മതം മൂളി.ഇതോടെ സ്വപ്ന സാക്ഷാത്കാരത്തിന് ചിറക് മുളയ്ക്കുകയായി.

ആരുടെ കൂടെ പോകുമെന്നതായിരുന്നു ആശങ്ക. മലകയറ്റത്തിൽ കൈപിടിക്കാൻ പേരക്കുട്ടികളും മാലയിട്ട് യാത്രക്കൊരുങ്ങിയതോടെ ശബരിമലയാത്ര യാഥാർത്ഥ്യമായി. ഇത്രയധികം ദൂരം ഇതിനുമുമ്പൊന്നും യാത്ര ചെയ്തിട്ടില്ല. അതിന്റെ ക്ഷീണമൊന്നുമില്ലാതെ സന്നിധാനത്തെ സോപാനത്തിലേക്ക് കുങ്കിയും മറ്റുള്ളവർക്കൊപ്പം ഇരുമുടിക്കെട്ടുമായി പതിനെട്ടാം പടികയറി.വയസ്സ് എഴുപത് പിന്നെട്ടെങ്കിലും ഇനിയും മലയാത്രയക്ക് വരണമെന്നാണ് കുങ്കിയുടെ ആഗ്രഹം. അയ്യപ്പ സ്വാമിയുടെ അനുഗ്രഹം ഇതിനായി ഒപ്പമുണ്ടാകുമെന്നും ഇവർ പറയുന്നു.

അതിരാവിലെ ദർശനം പൂർത്തിയാക്കി കുങ്കിയും സംഘവും ഉച്ചയോടെയാണ് നീലിമലയിറങ്ങിയത്. കുറച്ച് ക്ഷേത്രങ്ങൾ കൂടി ഇനി നാട്ടിലെ കോളനിയിൽ പതിവു ദിനചര്യകളിലേക്കായി ഈ മുത്തിയുടെയും യാത്ര.മലയാത്രയുടെ വിശേഷങ്ങളറിയാൻ എത്തുന്ന കോളിനിയിലെ ബന്ധുക്കളായ മറ്റു സ്ത്രീകളോടെല്ലാം അനുഭവം പറയാനുള്ള ആവേശവും കുങ്കിയുടെ മുഖത്ത്കാണാം.

(ചിത്രം. വയനാട്ടിലെ പണിയാമ്പറ്റ മണ്ടകമൂല പണിയ കോളനിയിൽ നിന്നും ശബരീശസന്നിധിയിലെത്തിയ കുങ്കി ഗുരുസ്വാമി ബാലുവിനൊപ്പം)

## എല്ലാം അയ്യപ്പമയം
## നാദലയങ്ങളിൽ സന്നിധാനം

ശരണമന്ത്രങ്ങളിൽ നിറഞ്ഞ സന്നിധാനത്തെ സന്ധ്യകൾ സംഗീത സാന്ദ്രമാകുന്നു. ഭഗവാന് മുന്നിൽ സംഗീതോപാസകരുടെ അർച്ചനകൂടിയാണിത്. ശബരിമല സന്നിധാനത്ത് ശ്രീ അയ്യപ്പ ഓഡിറ്റോറിയത്തിൽ ദിവസവും വൈകിട്ട് ദക്ഷിണേന്ത്യയിലെ വിവിധ ഭാഗത്തുനിന്നും എത്തിയ പ്രമുഖരാണ് ഗാനർച്ചന നടത്തുന്നത്. കലിയുഗവരദനായ അയ്യപ്പസ്വാമിക്ക് മുന്നിൽ ഗാനാഞ്ജലി നടത്തുകയെന്നത് ഒരു സൗഭാഗ്യം കൂടിയാണ്. ഈശ്വരീയ ജ്ഞാനത്തിന്റെ വഴിയിൽ ഒപ്പം സംഗീതത്തെയും കൂടെ കൊണ്ട് നടക്കുന്ന ഇവർക്കെല്ലാം അനുഗ്രഹത്തിന്റെ തണൽകൂടിയാണ് ശബരീപീഠം. തമിഴ് നാട്ടിൽ നിന്നുമുള്ള കെ.മോഹൻ രാജിന്റെ നേതൃത്ത്വത്തിലുള്ള ഇരുപതംഗ ഗായക സംഘമാണ് വലിയനടപന്തലിലെ സന്നിധാനം സ്റ്റേജിൽ ഗാനാലാപനം നടത്തിയത്. അയ്യൻഭജൻ മണ്ഡലിയെന്ന പേരിൽ ഭക്തിഗാനമേള ട്രൂപ്പ് നടത്തുന്ന ഇവർ പതിവായി അയ്യപ്പസ്വാമിക്ക് ശബരിമലയിലെത്തി ഗാനപൂജ നടത്താറുണ്ട്. തമിഴിലും തെലുങ്കിലും മലയാളത്തിലുമുള്ള മുപ്പതോളം ഭക്തിഗാനങ്ങളാണ് അവതരിപ്പിച്ചത്.
തമിഴ്നാട്ടിലെ കുറ്റാലത്ത് നിന്നുമെത്തിയ കടയമണി വീരമണി പദയാത്ര സംഘത്തിന്റെ നാദസ്വര കച്ചേരിയും സന്നിധാനം സ്റ്റേജിൽ നടന്നു. മുപ്പത് വർഷമായി തുടരുന്ന നാദാർച്ചനയാണിത്. ഇമ്പമുള്ള അയ്യപ്പഭക്തിഗാനങ്ങളുടെ നാദലയങ്ങൾ അയ്യപ്പഭക്തരുടെ മനം കവർന്നു. വ്രതപുണ്യത്തിന്റെ നിറവിൽ എല്ലാ വർഷവും അയ്യനുമുന്നിലെത്തി അനുഗ്രഹം വാങ്ങുന്നതാണ് തങ്ങളുടെ ജീവിതാഭിലാഷമെന്ന് ഇവർ പറയുന്നു.ശുദ്ധ സംഗീതത്തിന്റെ വഴിയിൽ സഞ്ചരിക്കുന്ന പാരമ്പര്യമുള്ള കുടുംബങ്ങളുടെ ആത്മീയയാത്ര കൂടിയാണ് മുടങ്ങാതെയുള്ള മകരസംക്രമവേളയിലെ മലകയറ്റം.വരും വർഷം ഇനിയും വരുമെന്ന അഭിലാഷത്തോടെയാണ് ഇവരുടെ മടക്കയാത്രയും. ഇതിനിടയിൽ അയ്യപ്പ

സ്വാമിക്ക് ഇവർക്ക് നൽകാനുള്ള ദക്ഷിണയും സംഗീതം തന്നെയാണ്.

(ചിത്രം. സന്നിധാനത്തെ വലിയ നടപന്തലിൽ കെ,മോഹൻരാജ് അവതരിപ്പിച്ച ഭക്തിഗാനമേളയും വീരമണി പദയാത്രസംഘത്തിന്റെ നാദസ്വര കച്ചേരിയും)



# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി 11 | 2017 |
| --- | --- |



## ശബരിമല പത്രക്കുറിപ്പ് 2


ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam2017@gmail.com
Facebook Page: Sabarimalamediacentreiprdgok


## ശബരീശന് സംക്രമാഭിഷേകത്തിനുള്ള നെയ്യ്തേങ്ങയെത്തി

മകരസംക്രമ ദിനത്തിൽ ശബരീശന് അഭിഷേകത്തിനായുള്ള നെയ്യ്തേങ്ങ സന്നിധാനത്തെത്തി. ഗുരുസ്വാമി രാമനാഥന്റെ നേതൃത്വത്തിൽ കന്നിഅയ്യപ്പൻ വൈദ്യനാഥ അയ്യരാണ്(17) ഇത്തവണ ഭഗവാന് അഭിഷേകം ചെയ്യാനുള്ള നെയ്യ്തേങ്ങ കവടിയാർ കൊട്ടാരത്തിൽ നിന്ന് ഏറ്റുവാങ്ങി സന്നിധാനത്തെത്തിച്ചത്.

തിരുവനന്തപുരത്ത് നവരാത്രി മണ്ഡപത്തിൽ വച്ച് വാദ്യഘോഷങ്ങളുടെ അകമ്പടിയോടെ തിരുവിതാംകൂർ രാജകുടുംബത്തിലെ ഇപ്പോഴത്തെ രാജസ്ഥാനി മൂലം തിരുനാൾ രാമവർമ്മയാണ് നെയ്യ്തേങ്ങ നിറച്ച് വൈദ്യനാഥ അയ്യർക്ക് കൈമാറിയത്. 14ന് ധനു മകരത്തിലേക്ക് സംക്രമിക്കുന്ന ശുഭമുഹൂർത്തമായ രാവിലെ 7.40ന് നടക്കുന്ന മകരസംക്രമപൂജാമധ്യേ നെയ്യ്തേങ്ങ ഭഗവാന് അഭിഷേകം നടത്തും.തുടർന്ന് പൂജാ പ്രസാദം വാങ്ങി തിരികെ കൊട്ടാരത്തിൽ എത്തിക്കുന്നതോടെ കന്നിഅയ്യപ്പന്റെ ദൗത്യം പൂർത്തിയാകും. കഴിഞ്ഞ 26 വർഷമായി മകരസംക്രമദിനത്തിൽ ഭഗവാന് അർപ്പിക്കാനുള്ള നെയ്യ്തേങ്ങ കൊണ്ടുവരുന്ന കന്നിഅയ്യപ്പൻമാർക്ക് ഗുരുസ്വാമിയാണ് തിരുവനന്തപുരം പത്മനാഭസ്വാമി ക്ഷേത്ര ജീവനക്കാരനായ രാമനാഥൻ.

തിരുവനന്തപുരം ശ്രീക്ണേശ്വരം ലക്ഷ്മീനിവാസിൽ രാമസ്വാമി അയ്യരുടെ മകനും എസ്.എം.വി സ്കൂളിൽ പ്ളസു ടു വിദ്യാർത്ഥിയുമായ വൈദ്യനാഥ അയ്യർ സംസ്ഥാന ജില്ലാ കലോൽസവങ്ങളിൽ മൃദംഗം, ചാക്യാർകൂത്ത് എന്നീ ഇനങ്ങളിൽ പുരസ്കാര ജേതാവുമാണ്.

## ശബരിമല തീർഥാടകർക്കായുള്ള ഹെലികോപ്ടർ സർവീസ് ആരംഭിച്ചു

ശബരിമല തീർഥാടകർക്കായി ഹെലിടൂർ എന്ന കമ്പനിയുമായി ചേർന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് ആരംഭിച്ച ഹെലികോപ്ടർ സർവീസ് തിരുവനന്തപുരത്ത് നിന്ന് നിലയ്ക്കലിലേക്ക് കന്നിയാത്ര നടത്തി.  11ന് രാവിലെ 9.45 തിരുവനന്തപുരം വിമാനത്താവളത്തിൽ നിന്നും യാത്രതിരിച്ച ഹെലികോപ്ടർ 10.15ന് നിലയ്ക്കൽ മഹാദേവ ക്ഷേത്ര പരിസരത്ത് ദേവസ്വം ബോർഡ് സജ്ജമാക്കിയിട്ടുള്ള ഹെലിപ്പാഡിൽ ഇറങ്ങി. ദേവസ്വം ബോർഡ് പ്രസിഡന്റ് പ്രയാർ ഗോപാലകൃഷ്ണൻ, അംഗം അജയ് തറയിൽ, ഹെലിടൂർ മാനേജിംഗ് ഡയറക്ടർ ഷോബി പോൾ, പൈലറ്റ് കെ.എം.ജി നായർ എന്നിവരായിരുന്നു കന്നിയാത്രക്കാർ.

ശബരിമല ക്ഷേത്രത്തെ ഒരു അന്തർദേശീയ തീർഥാടന കേന്ദ്രമാക്കുക എന്ന ദേവസ്വം ബോർഡിന്റെ ലക്ഷ്യത്തിലേക്കുള്ള സുപ്രധാനമായ ചുവടുവയ്പാണ് തീർഥാടകർക്ക് വേണ്ടിയുള്ള ഹെലികോപ്ടർ സർവീസ് എന്ന് കന്നിയാത്രയ്ക്ക് ശേഷം ദേവസ്വം ബോർഡ് പ്രസിഡന്റ് പ്രയാർ ഗോപാലകൃഷ്ണൻ പറഞ്ഞു. അടിയന്തിര സാഹചര്യങ്ങളിൽ തീർഥാടകരെ ആശുപത്രികളിൽ എത്തിക്കുന്നതിനും മറ്റും ഹെലികോപ്ടറിന്റെ സേവനം ഉപയോഗപ്പെടുത്തുക എന്ന ലക്ഷ്യവുമുണ്ട്. ബന്ധപ്പെട്ട സർക്കാർ വകുപ്പുകളിൽ നിന്നും അനുമതി വാങ്ങിയിട്ടുള്ളവർക്ക് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഹെലിപാഡിൽ ഹെലികോപ്ടർ ഇറക്കുന്നതിന് ദേവസ്വം ബോർഡ് ചീഫ് എൻജിനിയറിൽ നിന്നും അനുമതി വാങ്ങാവുന്നതാണെന്നും പ്രസിഡന്റ് പറഞ്ഞു. ഹെലികോപ്ടർ ഇറങ്ങിയശേഷം പ്രത്യേക പൂജകൾ നടന്നു.

എറണാകുളം ആസ്ഥാനമായുള്ള കമ്പനിയാണ് ഹെലിടൂർ. ഇരുദിശയിലേക്കും കൂടി ആറ് തീർഥാടകർക്ക് 1,20,000 രൂപയാണ് ഈടാക്കുന്നതെന്നും തിരുവനന്തപുരം, കൊച്ചി എന്നിവിടങ്ങളിൽ നിന്ന് മകരവിളക്ക് വരെ തീർഥാടകരുടെ സൗകര്യാർഥം സർവീസ് നടത്തുന്നതിന് ബന്ധപ്പെട്ട അധികാരികളിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ടെന്നും ഹെലിടൂർ കമ്പനി എം.ഡി ഷോബി പോൾ പറഞ്ഞു. ബെൽ 401 സീരിസിൽപ്പെട്ട ഹെലികോപ്ടറാണ് സർവീസിന് ഉപയോഗിക്കുന്നതെന്നും അദ്ദേഹം അറിയിച്ചു.

## നിരോധിത പുകയില ഉൽപ്പന്നങ്ങൾ പിടികൂടി

ശബരിമല സന്നിധാനം എക്സൈസ് റെയിഞ്ച് പരിധിയിൽവരുന്ന മരക്കൂട്ടം, പാണ്ടിത്താവളം, കൊപ്രാക്കളം, ഉരൽക്കുഴി, ബെയ്‌ലിപാലം, ഭസ്മക്കുളം, പുല്ലുമേട്, ശരംകുത്തി, ശബരിപീഠം, പാണ്ടിത്താവളത്തിലെ വിരികൾ എന്നിവിടങ്ങളിൽനിന്നും നിരോധിത പുകയില ഉത്പന്നങ്ങളായ ബീഡി, സിഗരറ്റ്, പാൻപരാഗ്, ഹൻസ് എന്നിവ കണ്ടെടുത്തു. 342 കേസുകളിൽ 68400 രൂപ ഏഴു ദിവസങ്ങളിലായി പിഴ ഈടാക്കി. പരിശോധനയിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ടി രാഗേഷ്, എക്സൈസ് ഇൻസ്പെക്ടർ പി.ആർ സെൽവരാജ്, അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർമാരായ കെപി ബാലകൃഷ്ണൻ, കെ.ഒ മോഹനൻ, സി രവി, പ്രിവന്റീവ് ഓഫീസർമാരായ പ്രജീഷ്, പി.സി വാസുദേവൻ, പി.ആർ സജീവ്, സിഇഒ മാരായ സൗമേഷ് ടി, എം രജിത് കുമാർ, പിവി പ്രകാശൻ, ടിവി മധു, ശശികുമാർ, ആനന്ദകൃഷ്ണൻ, കെജി മുരളീദാസ്, കെകെ ഷാജി, കെഎൻ രവി, ടിആർ വിപിൻ, റോഷി കെപി, ഇ സുജിത് എന്നിവർ പങ്കെടുത്തു.വരും ദിവസങ്ങളിൽ പരിശോധന ശക്തമാക്കും.

## മാളികപുറത്തമ്മയുടെ എഴുന്നള്ളത്ത് 14ന് ആരംഭിക്കും

മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് സന്നിധാനത്ത് മണിമണ്ഡപത്തിലെ കളമെഴുത്തും പാട്ടും മാളികപുറത്ത് നിന്ന് പതിനെട്ടാം പടിവരെ ദേവിയുടെ എഴുന്നള്ളത്തും മകരസംക്രമദിനമായ 14ന് ആരംഭിക്കും.15, 16, 17,18 തീയതികളിൽ എഴുന്നള്ളത്തുണ്ടാകും.ശരംകുത്തിയിലേക്ക് മാളികപുറത്തമ്മ എഴുന്നള്ളും.  19ന് മണിമണ്ഡപത്തിനുമുന്നിൽ വലിയ ഗുരുതി നടക്കുമെന്ന് മാളികപ്പുറം മേൽശാന്തി പുതുമന മനു നമ്പൂതിരി പറഞ്ഞു.


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി 11 | 2017 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 3

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam2017@gmail.com
Facebook Page: Sabarimalamediacentreiprdgok

### അയ്യപ്പചരിതം സചിത്രമായി ആലേഖനം ചെയ്യും

കാനനവാസനായ അയ്യപ്പന്റെ ജീവിതചരിത്രം മുഴുവനായി മരക്കൂട്ടത്ത് ശബരി പീഠത്തിന് സമിപം പ്രത്യേകമായി തയ്യാറാക്കിയ പ്രതലത്തിൽ അടുത്തവർഷം സചിത്ര മായി ആലേഖനം ചെയ്യുമെന്ന് തിരുവതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് പ്രയാർ ഗോപാലകൃഷ്ണൻ പറഞ്ഞു. ശബരീപീഠത്തിനരികിൽ പുതിയതായി നിർമ്മിച്ച ശബരി ആശ്രമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ശബരിമലയുടെ ചരിത്രം തുടങ്ങു ന്നത് തന്നെ ത്രേതായുഗത്തിലെ ശബരിയുടെ ജീവിതവുമായി ബന്ധപ്പെട്ടാണ്. ദീർഘ കാലമായുള്ള ആഗ്രഹമാണ് ഇവിടെ ശബരിയുടെ പേരിൽ ഒരു ആശ്രമം തുടങ്ങുക എന്നത്. ഇപ്പോൾ ഇത് യാഥാർത്ഥ്യമാവുകയാണ്. ശബരിമലയിലെത്തുന്ന സന്യാസി മാർക്ക് ഇവിടെ താമസസൗകര്യം ഏർപ്പെടുത്തുക എന്നതാണ് ലക്ഷ്യം.പരിമിതമായ സ്ഥലസൗകര്യങ്ങൾക്കുള്ളിൽ നിന്നാണ് ഈ ലക്ഷ്യം പൂർത്തീകരിച്ചത്. വരും കാല ത്തിൽ ഒട്ടേറെ പേർക്ക് ഈ ആശ്രമം ഉപകാരപ്രദമാകുമെന്നും അദ്ദേഹം പറഞ്ഞു. ചീ ഫ് എൻജിനീയർ ജനറൽ ജി.മുരളീകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. എക്സിക്യൂട്ടീവ് ഓഫീസർ ആർ.രവിശങ്കർ, ഫെസ്റ്റിവൽ കൺട്രോൾ ഓഫീസർ സോമശേഖരൻ നായർ, പബ്ലിക് റിലേഷൻ ഓഫീസർ മുരളികോട്ടയ്ക്കകം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് ഓഫീ സർ രാജേന്ദ്രപ്രസാദ്, പെരിനാട് പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ.വാസുദേവൻ, ആ ദിവാസി വിഭാഗം പ്രതിനിധി കെ.ഉത്തമൻ, അസി.എൻജിനീയർമാരായ പി.ശ്യാമപ്രസാദ്, ഹരിലാൽ, പമ്പ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ രാജീവ് എന്നിവർ സംസാ രിച്ചു.ദേവസ്വം ശാന്തി വിനോദ് പൂജ നടത്തിയാണ് ചടങ്ങുകൾ തുടങ്ങിയത്.

(ചിത്രം. ശബരി ആശ്രമം ദേവസ്വം ബോർഡ് പ്രസിഡന്റ് പ്രയാർ ഗോപാലകൃഷ്ണൻ ഉ ദ്ഘാടനം ചെയ്യുന്നു)

# മകരവിളക്ക്: സുരക്ഷ ഉദ്യോഗസ്ഥർ മോക്ഡ്രിൽ നടത്തി

മകരവിളക്കിന് ശബരിമലയിലെത്തുന്ന അയ്യപ്പഭക്തരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനും അത്യാഹിതങ്ങളുണ്ടായാൽ രക്ഷാപ്രവർത്തനം നടത്തുന്നതിനും സേനയേയും അയ്യപ്പസേവാസംഘം പ്രവർത്തകരേയും സജ്ജമാക്കുന്നതിനുള്ള മോക്ഡ്രിൽ നടത്തി. സന്നിധാനത്ത് വടക്കേ നടയിലെ സുരക്ഷ കേന്ദ്രീകരിച്ച് പാണ്ടിത്താവളത്ത് നിന്നാണ് മോക്ഡ്രിൽ ആരംഭിച്ചത്. അപകടത്തിൽപെട്ട അയ്യപ്പന്മാരെ സ്ട്രക്ച്ചറിൽ ഉടൻആശുപത്രിയിൽ എത്തിക്കുന്നതിനുള്ള മോക്ഡ്രില്ലിൽ പോലീസ്,ആർ എ എഫ്, എൻഡി ആർഎഫ് അയ്യപ്പസേവാസംഘം എന്നിവർ പങ്കാളികളായി. മാളികപുറത്തും മോക്ഡ്രിൽ നടത്തി.

ഇന്ന്(ജനുവരി12) വൈകുന്നേരം ഏഴിന് പാണ്ടിത്താവളത്ത് വീണ്ടും മോക്ഡ്രിൽ നടത്തുമെന്ന് സ്പെഷ്യൽ ഓഫീസർ എസ് സുരേന്ദ്രൻ പറഞ്ഞു. അസ്കാലൈററ് ഉപയോഗിച്ച് 14 പോയിന്റുകളിൽ നിരീക്ഷണം നടത്തും. മകരവിളക്കിന് മുന്നോടിയായി 14വരെ സുരക്ഷാ ഉദ്യോഗസ്ഥർ എല്ലാദിവസവും അവലോകനം നടത്തും. വടക്കേ നടയിൽ പോലീസ്,ആർ എ എഫ്, എൻഡി ആർഎഫ്സംയുക്തമായി കഴിഞ്ഞവർഷം നടത്തിയ സുരക്ഷ പഴുതടച്ചതായിരുന്നുവെന്നും ഇത്തവണയും സംയുക്തമായി സുരക്ഷ ഉറപ്പാക്കുമെന്നും സ്പെഷ്യൽ ഓഫീസർ എസ് സുരേന്ദ്രൻ പറഞ്ഞു.

വടക്കേനടയിൽ ഏഴ് ഡിവൈഎസ്പിമാരുടെ നേതത്വത്തിൽ 21സെക്ടറുകളിലായി നിരീക്ഷണമുണ്ടാകും. മോക്ഡ്രില്ലിന് എ എസ് ഓ മാരായ ആദിത്യ ആർ, പ്രിഥിരാജ് ഇ പി, ആർ എ എഫ് ഡപ്യൂട്ടികമാണ്ടന്റ് മധു ജി നായർ, അസി.കമാണ്ടർമാരായ രാധാകൃഷ്ണൻ, ക്ലാരൻസ്, എൻ ഡി ആർ എഫ് അസി കമാണ്ടന്റ് ടി എം ജിതേഷ് അയ്യപ്പസേവാസംഘം പ്രതിനിധികളായ ഗോപിനാഥ്, ശെൽവരാജ് തുടങ്ങിയവർ നേതൃത്വം നൽകി.

# തിരുവാഭരണ ഘോഷയാത്ര ഇന്ന്

മകരവിളക്ക് ദിവസം അയ്യപ്പവിഗ്രഹത്തിൽ ചാർത്തുന്ന തിരുവാഭരണവും വഹിച്ചുകൊണ്ടുള്ള ഘോഷയാത്ര ഇന്ന് (ജനുവരി12 ) ഉച്ചക്ക് ഒന്നിന് പന്തളം വലിയ കോയിക്കൽ ധർമ്മ ശാസ്താ ക്ഷേത്രത്തിൽ നിന്നും പുറപ്പെടും. ഈ മാസം പതിനാലിനാണ് മകരജ്യോതി ദർശനം.

പന്തളം വലിയ കോയിക്കൽ ശാസ്താ ക്ഷേത്രത്തിൽ ഇപ്പോൾ ദർശനത്തിന് വച്ചിരിക്കുന്ന തിരുവാഭരണങ്ങൾ 12ന് ഉച്ചയോടെ പേടകങ്ങളിലേക്ക് മാറ്റും. പന്തളം രാജാവ് ക്ഷേത്രത്തിലെത്തി പ്രത്യേകം പൂജകൾ നടത്തിയതിന് ശേഷമാണ് തിരുവാഭരണങ്ങൾ മൂന്ന് പേടകങ്ങളിലേക്ക് മാറ്റുന്നത്. മേൽ ശാന്തി പൂജിച്ച് നൽകിയ ഉടവാളും ഭസ്മവും പന്തളം വലിയ തമ്പുരാൻ ഇത്തവണത്തെ രാജ പ്രതിനിധി പി ജി ശശികുമാർ വർമ്മക്ക് കൈമാറുന്നതോടെ തിരുവാഭരണ ഘോഷയാത്രയ്ക്ക് തുടക്കമാകും .

മകരസംക്രമ സന്ധ്യയിൽ അയ്യപ്പവിഗ്രഹത്തിൽ ചാർത്തുന്നതിനുവേണ്ടി പണികഴിപ്പിച്ചിട്ടുള്ള ആഭരണങ്ങളും ചമയങ്ങളുമായി പിതാവ് മകനെ കാണാൻ പോകുന്നുവെന്ന സങ്കൽപ്പത്തിലാണ് പന്തളം വലിയകോയിക്കൽ ക്ഷേത്രത്തിൽനിന്നും തിരുവാഭരണ ഘോഷയാത്ര ആരംഭിക്കുന്നത്.

തലച്ചുമടായാണ് മൂന്ന് പേടകങ്ങളും സന്നിധാനത്ത് എത്തിക്കുന്നത്. പ്രധാന പേടകമായ തിരുവാഭരണ പെട്ടിയിൽ ശബരിമല അയ്യപ്പവിഗ്രഹത്തിൽ ചാർത്താൻ പാകത്തിലുള്ള ഇന്ദ്രനീലക്കല്ലുകൾ പതിച്ച തിരുമുഖമാണ് പ്രധാനം. കൂടാതെ നവരത്നമോതിരം, മണിമാല, ശരപ്പൊളിമാല, എരിക്കിൻപൂമാല, ചുരിക, വാൾ, സ്വർണത്തളിക, പ്രഭാമണ്ഡലം, ആന, പുലി, പൂർണ പുഷ്കലമാർ എന്നിവ പ്രധാന പെട്ടിയിലുണ്ടാകും. കലശപ്പെട്ടിയിൽ കളഭാഭിഷേകത്തിനുള്ള സ്വർണക്കുടം, വെള്ളികെട്ടിയ ശംഖ്, പൂജാപാത്രങ്ങൾ എന്നിവയാണുള്ളത്. മൂന്നാമത്തെ കൊടിപ്പെട്ടിയിൽ ശബരിമലയിൽ എഴുന്നെള്ളിപ്പിനുള്ള ജീവത, നെറ്റിപ്പട്ടം, തലപ്പാറ, ഉടുമ്പാറ മലകളുടെ കൊടികൾ എന്നിവയാണുണ്ടാവുക .

ഗുരുസ്വാമി കുളത്തിനാൽ ഗംഗാധരൻ പിള്ളയുടെ നേതൃത്വത്തിലുള്ള 25അംഗ സംഘമാണ് തിരവാഭരണ പേടകങ്ങൾ ശിരസ്സിലേറ്റുന്നത്. പ്രധാന പേടകം കുളത്തിനാൽ ഗംഗാധരൻ പിള്ളയും, കലശകുടമടങ്ങുന്ന പേടകം മരുതവനം ശിവൻ പിള്ളയും, കൊടിപെട്ടി കിഴക്കേതോട്ടത്തിൽ പ്രതാപചന്ദ്രൻ നായരും ശിരസ്സിലേറ്റും ആദ്യ ദിവസം അയിരൂർ പുതിയകാവ് ക്ഷേത്രത്തിലും രണ്ടാം ദിവസം ളാഹ സത്രത്തിലും ഘോഷയാത്ര വിശ്രമിക്കും. കാൽ നടയായുള്ള തിരുവാഭരണ ഘോഷയാത്രയെ പന്തളം രാജപ്രതിനിധിയാണ് അനുഗമിക്കുന്നത് .

# മകരവിളക്ക് ശുദ്ധിക്രിയകൾ ഇന്ന് ആരംഭിക്കും

മകരവിളക്ക് മഹോത്സവത്തിന് മുന്നോടിയായിട്ടുള്ള വിവിധ ശുദ്ധിക്രിയകൾ ഇന്ന് (ജനുവരി 12) നാളെ (ജനുവരി 13)യുമായി സന്നിധാനത്ത് നടത്തും. ഇന്ന് വൈകിട്ട് പ്രാസാദശുദ്ധി, രക്ഷോഘ്നഹോമം, വാസ്തുഹോമം, വാസ്തുബലി, വാസ്തുകലശം, അസ്ത്രകലശം, വാസ്തു പുണ്യാഹം, അത്താഴപൂജ എന്നിവ കഴിഞ്ഞ് രാത്രി11ന് ഹരിവരാസനംപാടി നടയടയ്ക്കും. 13ന് ഉച്ചപൂജയ്ക്ക്ശേഷം ബിംബശുദ്ധിക്രിയകൾ ചതുഃശുദ്ധി,

ധാര, പഞ്ചഗവ്യം, പഞ്ചകം, കലശം എന്നിവയുണ്ടാകും. 14ന് രാവിലെ 7.40ന് ധനു മകരത്തിലേക്ക് സംക്രമിക്കുന്ന മുഹൂർത്തത്തിൽ സംക്രമപൂജ നടത്തും. തിരുവനന്തപുരം കൊട്ടാരത്തിൽനിന്നും കൊണ്ടുവന്ന നെയ്ത്തേങ്ങ സംക്രമപൂജാമധ്യേ അയ്യപ്പസ്വാമിക്ക് അഭിഷേകം ചെയ്യുമെന്ന് തന്ത്രി കണ്ഠര് രാജീവര് പറഞ്ഞു. 12,13തീയതികളിൽപൂജാസമയങ്ങളിൽ മാറ്റമുണ്ടാകില്ല.

# ശബരിമല യാത്ര
# ഹെലികോപ്ടർ ആവശ്യമുള്ളവർക്ക് വിളിക്കാം

ശബരിമല യാത്രയ്ക്കായി ഹെലികോപ്ടർ ആവശ്യമുള്ളവർക്ക് 9895033950 എന്ന നമ്പറിൽ വിളിക്കാം. തിരുവന്തപുരത്ത് നിന്നും പമ്പയ്ക്ക് സമീപമുള്ള നിലയ്ക്കൽ ഹെലിപാഡ് വരെ 1,20,000 രൂപയാണ് ചാർജ്ജ് ഈടാക്കുന്നത്.ഹെലിടൂറാണ് ശബരിമല മകരവിളക്കിനോട് അനുബന്ധിച്ച് ഹെലികോപ്ടർ സേവനം ലഭ്യമാക്കുന്നത്. കൂടാതെ കൊച്ചിയിൽ നിന്നും കോയമ്പത്തൂരിൽ നിന്നും അയ്യപ്പഭക്തൻമാർ ആവശ്യപ്പെടുന്ന മുറയ്ക്ക് സേവനം ലഭിക്കുമെന്ന് സി.ഇ.ഒ ഷോബി പറഞ്ഞു.

**ഇന്നത്തെ പരിപാടി**
**(ജനവരി 12)**
ശ്രീ അയ്യപ്പാ ഓഡിറ്റോറിയം സന്നിധാനം
വൈകുന്നേരം 7– 9 സംഗീത സദസ്സ് പെരുമ്പുഴ പ്രമോദ് ആന്റ് പാർട്ടി (കൊല്ലം കാഞ്ചി കാമകോടി ആസ്ഥാന വിദ്വാൻ)

**മാധ്യമപ്രവർത്തകരുടെ ശ്രദ്ധയ്ക്ക്**

നാളെ (ജനുവരി12) വൈകുന്നേരം ഏഴിന് പാണ്ടിത്താവളത്ത് മോക്ഡ്രിൽ നടത്തുമെന്ന് പോലീസ് സ്പെഷ്യൽ ഓഫീസർ എസ് സുരേന്ദ്രൻ അറിയിച്ചു. മാധ്യമപ്രവർത്തകർ സംബന്ധിക്കണമെന്ന് താത്പര്യപെടുന്നു.

ഇൻഫർമേഷൻ ഓഫീസർ

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.